അതിന്റെ പകുതിചിലവിനുള്ള പണം നമ്മുടെ ഗവൺമെണ്ടു് ആ ഗവൺമെണ്ടിനോടു് ആവശ്യപ്പെടുകയൊ കടാന്തോട റോഡിനായി ബ്രിട്ടീഷ് ഗവൺമെണ്ടു കൊച്ചി ഗവർമ്മെണ്ടിനോടു പണം ചോദിക്കുകയൊ ഉണ്ടായൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—എന്റെ ഫയലിൽ നോക്കിയിട്ടു് അതു അറിയാൻ സാധിക്കുന്നില്ല.

മിസ്റ്റർ ഔസേപ്പു് പി. കുണ്ടുകുളം.—അങ്ങിനെയാണെങ്കിൽ ഇപ്പോഴെ പാലം നന്നാക്കുന്നതിനുള്ള പകുതിചിലവു് അവരോടു ചോദിക്കുന്നതെന്തിനാണു്? അവരോടു ചോദിക്കാതെതന്നെ തുടങ്ങിക്കൂടെ?

പ്രസിഡെണ്ടു്.—സാധാരണയായി രണ്ടുരാജ്യങ്ങളുടെ അതൃത്തികളിൽ ചെയ്യുന്നപണികൾക്കു് രണ്ടുരാജ്യക്കാരും ചിലവുവഹിക്കണമെന്നും വഹിക്കാമെന്നും സമ്മതിച്ചിട്ടുള്ളതാണു്. എന്നാൽ അവരുടെ അറിവുകൂടാതെ ആ പണിതുടങ്ങുന്നതായാൽ ആ ചിലവുകിട്ടാനും ന്യായമില്ല.

മിസ്റ്റർ ഔസേപ്പു് പി. കുണ്ടുകുളം.—മുള്ളൂർക്കായലിനു അപ്പുറമുള്ള ബ്രിട്ടീഷ് റോഡു് ഈ പാലത്തിന്റെ ദോഷംകാരണം ജനസഞ്ചാരം ഇല്ലാതെ പോയതിനാൽ അതിനുചിലവായിട്ടുള്ള സംഖ്യയിൽ പകുതി മലബാർ ഡിസ്ട്രിക്ടു് ബോർഡു് കാർ ആവശ്യപ്പെട്ടാൽ നാം കൊടുക്കേണ്ടി വരുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഒരിക്കലും അങ്ങിനെ ഒരു നഷ്ടം നാം കൊടുക്കേണ്ടിവരികയില്ല.

മിസ്റ്റർ ഔസേപ്പു് പി. കുണ്ടുകുളം.—ബോർഡുകാരുമായുള്ള എഴുത്തുകുത്ത ഇപ്പോഴെ ഏതു നിലയിലാണിരിക്കുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—പാലം പണിയുള്ള എസ്റ്റിമേറു് ചീഫ് ഇഞ്ചിനീയർ തയാറാക്കി അയച്ചിട്ടുണ്ടു്.

മിസ്റ്റർ ഔസേപ്പു് പി. കുണ്ടുകുളം.—ഒന്നരമാസംമുമ്പു ഞാൻ ഡിസ്ട്രിക്ട ബോർഡു് പ്രസിഡണ്ടിനെ കണ്ടു ചോദിച്ചപ്പോഴും ഇവിടത്തെ എസ്റ്റിമേറൊന്നും അവർക്കു അയച്ചു കിട്ടിയിട്ടില്ലെന്നാണു് പറഞ്ഞതു്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ചീഫ് എഞ്ചിനീയർ അനുവാദത്തിനായി ഗവൺമെണ്ടിലേക്കു് അയച്ചിട്ടുണ്ടു്.

പ്രസിഡെണ്ടു്.—അതു വേഗത്തിൽ അയക്കാം.

Diversion of the Karuvannur River.

209. Mr. C. A. Kunjunni Raja.—Will the Government be pleased to state whether the scheme for the diversion of the Karuvannur river can be taken up for execution this year; if not, what is the delay due to?

Mr. V. K. Aravindaksha Menon.— The schemes for the diversion of the river are almost ready. Every endeavour will be made to start the work this year.

LIBRARY ARCHIVES Kerala Legislative Assembly